# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 29/07/2016

## (24 SHAWWAL 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## “DESPAIR / നൈരാശ്യം”

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം നൈരാശ്യം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. മനുഷ്യ ഹൃദയങ്ങളിൽ കാണുന്ന നിരാശ വളരെ മോശമായ ഒരു ഗുണവിശേഷമാണ്. ഒരിക്കൽ ഇതിന്റെ സാന്നിദ്ധ്യം വെളിപ്പെട്ടാൽ, ആ വ്യക്തിക്ക് വീർപ്പുമുട്ടനുഭവപ്പെടുകയും, താൻ കെണിയിൽ അകപ്പെട്ടിരിക്കുന്നു എന്ന് കരുതുകയും, ഇനി പ്രതീക്ഷയ്ക്ക് വഴിയില്ല എന്നും കരുതുന്നു. ആ നിമിഷത്തിൽ അവന്റെ ജീവിതം സൗമ്യമായിത്തീരുന്നു; അവന്റെ വഴി അന്ധകാരമാകുന്നു; അവനെ സംബന്ധിച്ചിടത്തോളം എല്ലാം കഴിഞ്ഞിരിക്കുന്നു എന്ന തോന്നലിൽ അകപ്പെടുന്നു. അത്തരം സാഹചര്യത്തിൽ, ആ ദാസൻ എല്ലാ പ്രയത്നങ്ങളിൽ നിന്നും വിടവാങ്ങുന്നു. മനശാസ്ത്രപരമായി അയാളെ നേരെയാക്കുന്നതുവരെ, അയാൾക്കിനി ഒന്നും നേടാൻ കഴിയുകയില്ലായെന്ന് കരുതുന്നു. പ്രശ്നങ്ങളെ നിങ്ങൾ നേരിടുക എന്ന ചോദ്യത്തിന് അർത്ഥമില്ല, കാരണം അവനെ സംബന്ധിച്ചിടത്തോളം അത് പ്രയോജനരഹിതമായ കാര്യമാണ്. താഴെക്കൊടുക്കുന്ന ഉദാഹരണം ഈ വസ്തുതയെ വിശദീകരിക്കുന്നു. 1. ഇനി ഒരിക്കലും വിജയിക്കില്ല.എന്ന നിരാശാബോധമുള്ള ഒരു വിദ്യാർത്ഥി, തീർച്ചയായും അവൻ സ്കൂളിനെ വെറുക്കുന്നു, പുസ്തകങ്ങളെ വെറുക്കുന്നു, അധ്യാപകരെ വെറുക്കുന്നു, പ്രൈവറ്റ് റ്റ്യൂഷൻ വെറുക്കുന്നു തുടങ്ങുയവ. പരാജയത്താൽ സംഭവിച്ചതാണ് അവന്റെ നിരാശ. അവനെ തന്റെ പരിതസ്ഥിതിയിൽ നിന്നും മറ്റെവിടെക്കോ കൊണ്ടു പോകുന്നു, ഒന്നും ശ്രദ്ധിക്കാതുള്ള ഒരു ജീവിതത്തിലേക്ക് അവനെ തള്ളി വിടുന്നു. അതിന്റെ ഫലം അവന്റെ മുമ്പിലുള്ളത് മഹാ വിപത്താണെന്ന് അവൻ തിരിച്ചറിയുന്നില്ല. 2. ഒരു വ്യക്തിക്ക് ചികിത്സിച്ച് ഭേദമാക്കുവാൻ സാധിക്കാത്ത ഒരു രോഗം പിടികൂടി എന്ന് കരുതുക. അവന്റെ നിരാശ അവന്റെ ആത്മവിശ്വാസത്തെ തളർത്തുന്നു. അവനു നൽകുന്ന ചികിത്സയിലും സംരക്ഷണത്തിലും അവന് വിശ്വാസമില്ല. ആശുപത്രികളോടുള്ള നീരസം ക്രമേണ വളർന്നു വരുന്നു. 3. വളരെ വലിയ കടത്തിലകപ്പെട്ട ഒരു വ്യക്തി, അവന്റെ കടത്താൽ അവൻ തകർന്നു തരിപ്പണമായിരിക്കുന്നു എന്ന് കരുതുന്നു. അവന്റെ നിരാശ അവനെ ഏകാന്തതയിലേക്ക് നയിക്കുന്നു. അവൻ സ്വയം ഉത്ഖണ്ടാകുലനായി മാറുന്നു. അങ്ങനെ ഒരു വ്യക്തി ചെയ്യുമ്പോൾ അവന്റെ ജീവിതത്തിൽ കൊണ്ടു വരുന്ന നിരാശ, അവന് എന്ത് മാത്രം കുഴപ്പങ്ങൾ നൽകുന്നത് എന്നത് അവൻ അവഗണിക്കുന്നു. തീർച്ചയായും പുരോഗതിയുടെ മുമ്പിലെ ഏറ്റവും വലിയ ഒരു തടസ്സം തന്നെയാണിത്. ആത്മാവിനെ കാർന്നു തിന്നുന്ന ഒരു വിഷം തന്നെയാണിത്. അത് അവനെ കൊല്ലുന്നു. ഈ കൊടും വിക്ഷോഭം അവന്റെ എല്ലാ ഊർജ്ജത്തെയും നശിപ്പിക്കുന്നു. ഒരു യഥാർത്ഥ വിശ്വാസി, അവന്റെ ഹൃദയത്തിൽ പ്രതീക്ഷ നട്ടു വളർത്തുന്നു; അവൻ ഒരിക്കലും നിരാശനാവുന്നില്ല; എന്ത് തന്നെ സംഭവിച്ചാലും ഇതിന്റെ കാരണം, അവന്റെ ജീവിതത്തിൽ അവനു വേണ്ടി അല്ലാഹു എപ്പോഴും ഉണ്ട് എന്നുള്ള അവന്റെ വിശ്വാസമാണ്. ഒരു നല്ല വിശ്വാസി ഒരിക്കലും നിരാശയിലാകില്ല; കാരണം നിരാശ ദൈവവിശ്വാസമില്ലായ്മയാണ്. പ്രതീക്ഷ വിശ്വാസിയെ നിലനിർത്തുന്നു; അവന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു; അവന്റെ വഴി തെളിക്കുന്നു; സന്തോഷത്തിന്റെ രുചി അവൻ അനുഭവിച്ചറിയുന്നു; ജീവിതാഹ്ലാദം അവനിൽ അലതല്ലുന്നു. ഇത് അവന് വിജയത്തിന്റെ വീഥി ഒരുക്കുന്നു. ചുരുക്കത്തിൽ പ്രതീക്ഷ ജീവിതത്തിന്റെ മൃതസഞ്ജീവനിയാണ്. ഇത് പ്രവർത്തി ചെയ്യുവാൻ നമ്മെ ഉത്തേജിപ്പിക്കുന്നു. ജീവിതത്തിന്റെ പ്രയാസങ്ങളും ദുഃഖങ്ങളും മറക്കുവാൻ പ്രാപ്തമാക്കുന്നു. പകരം സന്തോഷം പ്രദാനം ചെയ്യുന്നു. അല്ലാഹുവിന്റെ പ്രതിനിധികൾ, അവർ പരിപൂർണ്ണ ദൈവനിയോഗിതരായിരുന്നിട്ടുപോലും, വളരെയധികം പ്രയാസങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്, സാധാരണ മനുഷ്യർക്കു അത്രയും പ്രയാസങ്ങൾ നേരിടേണ്ടി വരുന്നതല്ല. ഇങ്ങനെയൊക്കെയാണെങ്കിലും, ദൈവത്തിൽ നിന്നുള്ള വീണ്ടും വീണ്ടും ശക്തിപ്പെടുത്തുന്ന, ദൈവീക വെളിപാടുകളാൽ, അവർ ഒരിക്കലും നിരാശരാവുകയില്ല, അവന്റെ അനന്തമായ കാരുണ്യത്തെക്കുറിച്ച് ! ഒരു പ്രത്യേക സാഹചര്യത്തിൽ മനുഷ്യ ദൗർബല്യത്താൽ, ചിലപ്പോൾ അവർ നിരാശപ്പെട്ടേക്കാം എന്നാൽ അല്ലാഹു അവരിൽ നിന്നും പ്രതീക്ഷ, ദീർഘകാലം അകറ്റി നിർത്തുകയില്ല. താഴെകാണുന്ന വചനം അതാണ് സൂചിപ്പിക്കുന്നത്. **“ അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല.”** (12:88) **“ അവസാനം ദൂതൻമാർ (ജനങ്ങളെക്കുറിച്ച്) നിരാശപ്പെടുകയും, തങ്ങളോട് അസത്യം പറയപ്പെട്ടുവെന്ന് (ജനങ്ങൾ തെറ്റായി) ധരിക്കുകയും ചെയ്തപ്പോൾ അവർക്ക് (പ്രവാചകന്മാർക്ക്) നമ്മുടെ സഹായം വന്നു കിട്ടി. അപ്പോൾ നാം ഉദ്ദേശിച്ചിരുന്നവർ രക്ഷിക്കപ്പെട്ടു. കുറ്റവാളികളായ ജനങ്ങളിൽ നിന്ന് നമ്മുടെ ശിക്ഷ തിരിച്ചു വിടപ്പെടുകയില്ല.”** (12:111) അതുകൊണ്ട് അല്ലാഹുവിന്റെ ദാസന്മാരെ ! ധൈര്യത്തോടെ എഴുന്നേൽക്കുക ! അല്ലാഹുവിൽ പ്രതീക്ഷ അർപ്പിച്ച്, അവനിൽ ഭരമേൽപ്പിച്ച് മുന്നേറുക. അപ്പോൾ നിങ്ങൾ ജീവിതത്തിന്റെ ആസ്വാദ്യത നുകരും; സാഹചര്യം എന്ത് തന്നെയായാലും പ്രവാചകൻ (സ) യുടെ ഉമ്മത്തിനെ മൊത്തത്തിൽ ഞാൻ അഭിസംബോധന ചെയ്യുകയാണ്. അവരിൽ ചിലർ പീഡനങ്ങൾ ഏറ്റുവാങ്ങുന്നു, അനേകം രാജ്യങ്ങളിൽ അവരുടെ മേൽ സാമൂഹ്യ ബഹിഷ്ക്ക

രണം നടത്തുന്നു, നാം ജീവിക്കുന്ന ഈ ചെറിയ ദ്വീപിൽ പോലും! നിങ്ങൾ ഇപ്പോൾ നിരാശയിലും ഭയത്തിലുമാണ് ജീവിക്കുന്നത്. എന്നാൽ അല്ലയോ എന്റെ സഹോദരീ സഹോദരന്മാരെ, നിങ്ങൾ ഫറോവയെക്കുറിച്ച് കേട്ടിട്ടില്ലേ ? (റംസീസ് 2) അറിയപ്പെടുന്ന ഏകാധിപതി! ഈജിപ്തിലെ അവന്റെ ജനങ്ങളുടെ മേൽ, തുടർച്ചയായി അക്രമം ചെയ്തുകൊണ്ടിരുന്നവൻ ? അവൻ പണ്ട് ഉണ്ടാകാത്ത ഒരു ശത്രുവായിരുന്നു! ദൈവത്തിനെതിരിൽ ഏറ്റവും വലിയ കള്ളം മെനഞ്ഞുണ്ടാക്കിയവനാണവൻ. അവനെ, അവൻ സ്വയം ദൈവമായി പ്രഖ്യാപിച്ചു. അവന്റെ കുറ്റങ്ങൾ കഠോരങ്ങളായിരുന്നു. തന്റെ സഹജീവികൾക്കെതിരിൽ അവൻ കാട്ടിയ കഠിന ക്രൂരതയും ഹൃദയ കാഠിന്യവും ചരിത്രത്തിന് നിഷേധിക്കുവാൻ സാധിക്കുകയില്ല. അല്ലാഹു ഇക്കാര്യത്തെക്കുറിച്ച് പറയുന്നു. **"ഫിർഔൻ (തന്റെ) നാട്ടിൽ അഹംഭാവം കാണിച്ചു. അവൻ അവിടത്തെ നിവാസികളെ വിവിധ കക്ഷികളാക്കിത്തീർത്തു. അവരിൽ നിന്നുള്ള ഒരു വിഭാഗത്തിന്റെ ആൺ സന്താനങ്ങളെ അറുകൊല ചെയ്തുകൊണ്ടും അവരുടെ സ്ത്രീകളെ ജീവിക്കാൻ വിട്ടുകൊണ്ടും അവരെ അവൻ ബലഹീനരാക്കി നിറുത്തുകയായിരുന്നു. തീർച്ചയായും അവൻ നാശകാരികളിൽപ്പെട്ടവനായിരുന്നു. ആ നാട്ടിൽ ബലഹീനരായി നിറുത്തപ്പെട്ടവർക്ക് ഔദാര്യം ചെയ്യുകയും അവരെ ആത്മീയനേതാക്കളും (എല്ലാ അനുഗ്രഹങ്ങളുടെയും) അവകാശികളുമാക്കിത്തീർക്കുകയും ചെയ്യാൻ നാം ഉദ്ദേശിക്കുകയായിരുന്നു. ഭൂമിയിൽ അവർക്ക് സ്വാധീനം നൽകണമെന്നും, ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും അവരിൽ നിന്ന് (ആ ബലഹീനരിൽനിന്ന്) ഭയപ്പെടുകയായിരുന്ന കാര്യം അവർക്ക് കാണിച്ചുകൊടുക്കണമെന്നും (നാം ഉദ്ദേശിക്കുകയായിരുന്നു) (28 :5 – 7) "**

ഫറാവ, നമുക്കറിയാവുന്നതുപോലെ, വളരെ പരിതാപകരമായ അവസ്ഥയിലാണ് അവൻ മരണപ്പെട്ടത്. അല്ലാഹുവിന്റെ ശാപത്തിന്റെ ദൃഷ്ടാന്തമായി അവൻ മാറി. കാരണം അവൻ അല്ലാഹുവിനെയും അവന്റെ പ്രവാചകൻ മൂസ (അ)യ്ക്കും എതിരിൽ നിലകൊണ്ടു. അല്ലാഹു (ത) സമുദ്രത്തോടു കൽപിച്ചു. അവന്റെ ശരീരത്തെ കരയിലേക്കു എറിയുവാൻ, അങ്ങനെ അവൻ, അവനു പുറകെ വരുന്ന ജനതയ്ക്ക് ഒരു ദൃഷ്ടാന്തമായിത്തീരാൻ. എന്നാൽ ദൗർഭാഗ്യവശാൽ അവനെ ശക്തമായി ശപിക്കുന്നതിന് പകരം, അനേകർ അവനെ ഒരു സമ്പൂർണ്ണ മാതൃകാ പുരുഷനാക്കുകയും, പിന്തുടരുവാൻ പറ്റിയ ഏറ്റവും നല്ല ഉദാഹരണമായി എടുക്കുകയും ചെയ്തു. മൂസ (അ) ന്റെ കാലത്തെ ഫറോവ മരിച്ചു കഴിഞ്ഞു. എന്നാൽ മറ്റനേക ഫറോവമാർ ജനിച്ചുകഴിഞ്ഞു. അവന് ശേഷം, അനേകം രാജ്യങ്ങളിൽ അവർ ഭരണം നടത്തിയിട്ടുണ്ട്, ഇപ്പോഴും അധികാരദാഹമുള്ള ഫറോവമാർ ഭരണം നടത്തിക്കൊണ്ടിരിക്കുന്നു. ശപിക്കപ്പെട്ട ഫറോവയുടെ അതേ തത്വങ്ങൾ അവർ പിൻതുടരുന്നു. അപ്പോൾ ഭരണം എളുപ്പമാകുമല്ലോ. മറ്റ് ചിലർ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തത്വം പിൻതുടരുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും, ധനം കൊള്ളയടിക്കുകയും ചെയ്യുന്നു. ജനരോഷമുണ്ടായാൽ അടിച്ചമർത്തുന്ന പ്രവണത അവിടെയും നിലനിൽക്കുന്നു. ഇപ്പോഴും അത്ഭുതമായി കാണുന്ന ഒരു കാര്യം, നേതാക്കൾക്കിടയിൽ 70 ഉം 80 ഉം വയസ്സ് പിന്നിട്ടവരുണ്ട്. അവർ അതേ നിലയിൽ തുടരുവാനാണ് ആഗ്രഹിക്കുന്നത്. (നേതാക്കൾ എന്ന നിലയിൽ) അവരുടെ ഔദ്യോഗിക ജീവിതം അവസാനിപ്പിക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല. അതിൽ ചിലർക്ക് നടക്കുവാൻപോലും വയ്യ. സിംഹാസനത്തോടുള്ള തീവ്ര പ്രണയം, അവരുടെ സമയമായിരിക്കുന്നു എന്ന സത്യം അംഗീകരിക്കുവാൻ അവരെ അനുവദിക്കുന്നില്ല. അധികാരം വിട്ടൊഴിയുക എന്ന ആശയം വെറുപ്പുളവാക്കുന്ന കാര്യമാണവർക്ക് ! അവരുടെ ജനങ്ങളിൽ നിന്ന് ഈ വാചകം അവർ കേൾക്കുമ്പോൾ അവർ ഇളകിവശാകുന്നു; അവർക്ക് എല്ലാത്തിനും കഴിവുണ്ട്, ഇവിടെ തൊട്ട് കളിക്കണ്ട എന്നവർ അക്രോഷിക്കുന്നു. നമ്മുടെ കാലഘട്ടത്തിലെ ഫറോവന്മാരും, ഭാവിയിലെ ഫറോവമാരും (അവസാന വിധിനാൾ സംഭവിക്കുന്നതിനു മുമ്പ് അൽപസമയം ബാക്കിയുണ്ടെങ്കിൽ) എല്ലാവരും അറിഞ്ഞിരിക്കണം, മനസ്സിലാക്കിയിരിക്കണം, അനീതി അല്പകാലത്തേക്ക് മാത്രമാണുള്ളത് ! അക്രമിക്കപ്പെട്ടവരെ സഹായിക്കുവാൻ അല്ലാഹു വളരെ പെട്ടെന്ന് എത്തുന്നതാണ്; അത് അവന്റെ വാഗ്ദാനമാണ്. **"തീർച്ചയായും അല്ലാഹു വിശ്വസിച്ചവരെ രക്ഷിക്കുന്നതാണ്. വഞ്ചകനോ കൃതഘ്നനോ ആയ ഒരുവനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല." (22:39)**

ഈ ഏകാധിപതികൾ, അവരുടെ എതിർപ്പിലും അനീതിയിലും നിലകൊള്ളുന്നവരാണ്. അങ്ങനെ അല്ലാഹു അവന്റെ ദൈവീകനുഗ്രഹം ഈ നൂറ്റാണ്ടിൽ പ്രകടമാക്കിയിരിക്കുകയാണ്, അവന്റെ ഖലീഫയുടെ രൂപത്തിൽ, ഈ നൂറ്റാണ്ടിലെ മിസിഹയായി, സമാധാനവും നീതിയും സ്ഥാപിക്കുവാൻ! ഫറോവമാരുടെ സിംഹാസനങ്ങൾ തകർക്കപ്പെടും, അവരുടെ അനീതി സംശയലേശമന്യേ അപ്രത്യക്ഷമാകും ! ശുഭാപ്തി വിശ്വാസിയായിരിക്കുക ! ക്ഷമാലുവായിരിക്കുക ! തീർച്ചയായും ആ ദിനം വരുകതന്നെ ചെയ്യുന്നതാണ്. ആമീൻ !

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*